| | |
|---|---|
| തിരുവനന്തപുരം | 56 |
| കൊല്ലം | 52 |
| പത്തനംതിട്ട | 16 |
| ആലപ്പുഴ | 33 |
| കോട്ടയം | 44 |
| ഇടുക്കി | 23 |
| എറണാകുളം | 72 |
| തൃശ്ശൂർ | 56 |
| പാലക്കാട് | 27 |
| മലപ്പുറം | 61 |
| കോഴിക്കോട് | 33 |
| വയനാട് | 15 |
| കണ്ണൂർ | 38 |
| കാസർഗോഡ് | 29 |
| ആകെ | 555 |

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഈ സാഹചര്യത്തിൽ പുതിയ സ്കൂളുകൾക്ക് അനുമതി നൽകുന്നതിനുള്ള അപേക്ഷകൾ നിലവിൽ സർക്കാർ പരിഗണനയിലില്ല.

## അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

45 (1121) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ അംഗീകാരത്തിന് അപേക്ഷ നൽകിയ അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുകയുണ്ടായി എന്നതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയെന്നും അവയുടെ ലിസ്റ്റും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി 10-6-2013-ലെ സ.ഉ.(കൈ)നമ്പർ 184/13/പൊ.വി.വ. പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം ഇപ്രകാരമാണ്.

| | |
|---|---|
| തിരുവനന്തപുരം | 22 |
| കൊല്ലം | 37 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 11 |
| കോട്ടയം | 13 |
| ഇടുക്കി | 18 |
| എറണാകുളം | 15 |
| തൃശ്ശൂർ | 26 |
| പാലക്കാട് | 32 |
| മലപ്പുറം | 80 |
| കോഴിക്കോട് | 46 |
| വയനാട് | 10 |
| കണ്ണൂർ | 29 |
| കാസർഗോഡ് | 48 |
| ആകെ | 395 |

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന 555 സ്കൂളുകൾക്ക് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 56 |
| കൊല്ലം | 52 |
| പത്തനംതിട്ട | 16 |
| ആലപ്പുഴ | 33 |
| കോട്ടയം | 44 |
| ഇടുക്കി | 23 |
| എറണാകുളം | 72 |
| തൃശ്ശൂർ | 56 |
| പാലക്കാട് | 27 |
| മലപ്പുറം | 61 |
| കോഴിക്കോട് | 33 |
| വയനാട് | 15 |
| കണ്ണൂർ | 38 |
| കാസർഗോഡ് | 29 |
| ആകെ | 555 |

(സി) തൃശ്ശൂർ ജില്ലയിൽ 26 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപക നിയമനം

46 (1122) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ആർ.എം.എസ്.എ. സ്കൂളുകളിൽ എല്ലാ വിഷയങ്ങളും പഠിപ്പിക്കാൻ അദ്ധ്യാപകരെ അനുവദിക്കാത്തതുമൂലം പ്രസ്തുത വിഷയങ്ങൾ പഠിപ്പിക്കാൻ പി.റ്റി.എ. ഫണ്ട് സ്വരൂപിച്ച് അദ്ധ്യാപകരെ നിയമിച്ച് പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly